**പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്**

**(സാന്നിധ്യം. അനില ബി.ആർ )**

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനം - അന്തർജില്ലാ സ്ഥലംമാറ്റം-എച്ച്.എസ്.റ്റി (ഗണിതം) 2024-2025 ഉത്തരവ് പുറപ്പെടുവിച്ച് ഉത്തരാവാകുന്നത് -സംബന്ധിച്ച്

പരാമർശം:- (1). പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/12/2024-ലെ DGE/20836/24 -A1 നം.പരിപത്രം.
(2). അദ്ധ്യാപകരുടെ ഓൺലൈൻ അപേക്ഷ.
(3). സർക്കാർ ഉത്തരവ്(പി)42/2012 ഉ.ഭ.പ.വ തീയതി 23.08.2012
(4). ഈ കാര്യാലയത്തിലെ 01/02/2025 -ലെ ഇതേ നമ്പർ ഉത്തരവ്.
(5). 27/03/25 തീയതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ DGE/20836/2024 -A1 നം. കത്ത്.

**ഉത്തരവ് നമ്പർ DDEPTA/4481/2024-A1 തീയതി : 28-03-2025**

പരാമർശം (1) പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ 2024-25 വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹമായ അദ്ധ്യാപകരിൽ നിന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷ ഓൺലൈനായി ക്ഷണിച്ചിരുന്നു. ആയതിൻ പ്രകാരം സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് നിലവിലെ അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവുകൾക്ക് അനുസൃതമായി താത്ക്കാലിക മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങൾ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ മുൻഗണനാ ലിസ്റ്റിൽ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതും ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുള്ളതും ആകുന്നു.

എന്നാൽ മറ്റ് ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ താഴെ പറയുന്ന എച്ച്.എസ്.റ്റി (ഗണിതം) അദ്ധ്യാപകനെ പേരിനോടൊപ്പമുള്ള സ്കൂളിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകി ഉടൻ പ്രാബല്യത്തിൽ ഉത്തരവാകുന്നു.

| ക്രമ നം. | അദ്ധ്യാപകന്റെ പേര്, സ്കൂളിന്റെ പേര്. | തസ്തിക | റാങ്ക് നമ്പർ | സ്ഥലംമാറ്റം അനുവദിച്ച സ്കൂളിന്റെ പേര് | അഭിപ്രായം |
|---|---|---|---|---|---|
| 1 | RAJESH KUMAR. K.R<br>GOVT. HSS Budhanoor | HST Maths | 1 | Govt.HSS Edamuri | General Seniority |

അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകർ പരാമർശം (3) -ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ജില്ലയിൽ പരിവീക്ഷകാലം പൂർത്തീകരിക്കേണ്ടതാണ്.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകരുടെ സീനിയോരിറ്റി പത്തനംതിട്ട ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. അന്തർജില്ലാ സ്ഥലംമാറ്റം ഉത്തരവായിട്ടുള്ള അദ്ധ്യാപകർ പത്തനംതിട്ട ജില്ലയിൽ പ്രവേശിക്കുന്ന ദിവസം ടി തസ്തികയിലെ ഏറ്റവും ജൂനിയറായിരിക്കും. ഇതിനുള്ള സമ്മത പത്രം തയ്യാറാക്കി ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിലെ

പ്രഥമാദ്ധ്യാപകർ മേലൊപ്പ് വെച്ച് സേവന പുസ്തകത്തിൽ പതിക്കേണ്ടതാണ്.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയാണ് സ്ഥലംമാറ്റം ലഭിച്ചത് എന്ന് തുടർ അന്വേഷണത്തിൽ ബോധ്യപ്പെടുന്ന പക്ഷം നിലവിൽ ഉത്തരവായിട്ടുള്ള സ്ഥലംമാറ്റം പുന:പരിശോധിക്കുന്നതാണ്. സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകരുടെ സ്ഥലംമാറ്റം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയില്ലാതെ റദ്ദാക്കുന്നതല്ല. പരാമർശം (5) പ്രകാരം സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ സേവനത്തിൽ തുടരുന്ന ജില്ലയിൽ നിന്നും ഉത്തരവ് ലഭിച്ച് 30.04.2025 -നകം വിടുതൽ ചെയ്യേണ്ടതും പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ അദ്ധ്യാപകർ സേവനത്തിൽ പ്രവേശിച്ച തീയതി ഈ ഓഫീസിൽ താമസംവിനാ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഉത്തരവിലെന്തെങ്കിലും അപാതകൾ ഉണ്ടെങ്കിൽ ആയത് ഈ കാര്യലയത്തിൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Signed by
Anila B R
Date: 28-03-2025 15:44:11

വിദ്യാഭ്യാസ ഉപഡയറക്ടർ
പത്തനംതിട്ട -തിരുവല്ല

സ്വീകർത്താവ് :

1. ബന്ധപ്പെട്ട അദ്ധ്യാപകൻ
2. ബന്ധപ്പെട്ട പ്രഥാനാദ്ധ്യാപകൻ
3. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ